ടി.കെ ഉബൈദ്



സൂറ - 48

# അൽ ഫത്ഹ്

# الفتح

## സൂക്തം 08-10

അവരവരുടെ ധർമവും ലക്ഷ്യവും പാലിച്ചു ജീവിക്കേണ്ടത് സൃഷ്ടികളുടെ നിർബന്ധ ബാധ്യതയാകുന്നു. അത് സാധ്യമാകാൻ അവനവന്റെ ധർമവും ജീവിത ലക്ഷ്യവും സൃഷ്ടി അറിഞ്ഞിരിക്കേണ്ടതുണ്ട്. അതറിയാൻ അവൻ തന്നെ ഏർപ്പെടുത്തിയ സംവിധാനമാണ് ദൈവദൂതന്മാരിലൂടെയുള്ള ധർമോപദേശം. അതിനാൽ, റസൂലിലുള്ള വിശ്വാസം ദൈവവിശ്വാസത്തിന്റെ -തൗഹീദിന്റെ അവിഭാജ്യ ഘടകമാകുന്നു.

إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٨﴾

*8*

*പ്രവാചകാ, തീർച്ചയായും നാം നിന്നെ സാക്ഷിയും സുവിശേഷകനും മുന്നറിയിപ്പുകാരനുമായി അയച്ചിട്ടുള്ളതാകുന്നു.*

| | |
|---|---|
| (പ്രവാചകാ) തീർച്ചയായും നാം നിന്നെ അയച്ചു(ച്ചിട്ടുള്ളതാകുന്നു) | إِنَّا أَرْسَلْنَاكَ |
| (സത്യ) സാക്ഷിയായിട്ട് | شَاهِدًا |
| സുവിശേഷകനായിട്ടും | وَمُبَشِّرًا |
| മുന്നറിയിപ്പുകാരനായിട്ടും | وَنَذِيرًا |

മുഹമ്മദി (സ)ന്റെ ദൗത്യവും പദവിയും പറയുകയാണീ സൂക്തം. شهيد സാക്ഷിയാണ്. സാക്ഷിയാകൽ പലവിധമുണ്ട്. ഒരു കാര്യം നേരിൽ കാണൽ അതിന് സാക്ഷിയാകലാണ്. ഉദാ: وَلْيَشْهَدْ عَذَابَهُمَا طَائِفَةٌ مِّنَ الْمُؤْمِنِينَ (ഒരു സംഘം വിശ്വാസികൾ അവരുടെ ശിക്ഷക്ക് സാക്ഷികളാവട്ടെ - 24:2). ഒരു സന്ദർഭത്തിൽ ഹാജരുണ്ടാവലും സാക്ഷിയാവലാണ്. فَمَن شَهِدَ مِنكُمُ الشَّهْرَ فَلْيَصُمْهُ (നിങ്ങളിൽ ആ മാസത്തിൽ ഹാജരുള്ളവർ അതിൽ നോമ്പെടുക്കട്ടെ - 2:185). ഒരു കാര്യം വാചാകർമണാ മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയാണ് ഇനിയൊരു സാക്ഷ്യം. ഉദാ: لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا (നിങ്ങൾ ജനങ്ങൾക്കു സാ

ക്ഷികളാകാനും ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയാകാനും - 2:143). താൻ തന്റെ ചുമതല യഥാവിധി നിർവഹിച്ചിട്ടുണ്ടെന്ന് സത്യവാങ്മൂലം നൽകലും സാക്ഷ്യം വഹിക്കലാണ്. فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا (നാം എല്ലാ സമുദായത്തിനും ഓരോ സാക്ഷിയെയും ഈ സമുദായത്തിന് സാക്ഷിയായി നിന്നെയും ഹാജരാക്കുമ്പോൾ എന്തായിരിക്കും അവസ്ഥ?!" - 4:41). വാചാകർമണാ സത്യം ബോധ്യപ്പെടുത്തുന്നവൻ അഥവാ സത്യസാക്ഷിയാണ് പ്രകൃത സൂക്തം പരാമർശിക്കുന്ന സാക്ഷി. ഉയിർത്തെഴുന്നേൽപു നാളിൽ ഓരോ സമുദായത്തിലും പ്രബോധന ബാധ്യത യഥാവിധി നിർവഹിച്ചിരിക്കുന്നു എന്നു മൊഴി നൽകുന്ന സാക്ഷിയാണ് ഉദ്ദേശ്യമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രവാചകന്റെ പ്രഥമ നിയോഗലക്ഷ്യമായി പറയുന്ന സാക്ഷ്യം - شهادة - അതാണെന്ന് കരുതുന്നത് യുക്തിസഹമല്ല. അവിടെ ഓരോ സമുദായത്തിന്റെയും പ്രവാചകൻ സത്യവാങ്മൂലം നൽകേണ്ടത് ഇഹലോകത്ത് താൻ അവർക്ക് സത്യസാക്ഷിയായി- വാചാ കർമണാ സത്യവും ധർമവും ബോധ്യപ്പെടുത്തിയിട്ടുണ്ട് എന്നാണല്ലോ. അപ്പോൾ ഇഹലോകത്തെ സാക്ഷ്യമാണ് പ്രവാചക ദൗത്യം. പരലോകത്തെ സാക്ഷ്യം അതിനനുബന്ധമായി പിന്നീട് വരുന്നതാണ്.

ശോഭനമായ പരിണതിയുടെ സന്തോഷവാർത്ത അറിയിക്കുന്നവനാണ് مبشّر-ഉം بشير -ഉം. അത്തരം സുവിശേഷത്തിന് ബശാറഃ, തബ്ശീർ, ബുശ്റാ എന്നൊക്കെ പറയും. സത്യധർമങ്ങളിൽ വിശ്വസിച്ചും സദാചാരവും ദൈവിക ധർമങ്ങളും പാലിച്ചും ജീവിക്കുന്നവർക്ക് വിശിഷ്ടമായ പരിണതി അഥവാ ശാശ്വത സ്വർഗം ഉണ്ടെന്ന് ശുഭവാർത്ത നൽകുന്ന മാർഗദർശകനെയാണ് ഇവിടെ മുബശ്ശിർ കൊണ്ട് വിവക്ഷിക്കുന്നത്. സത്യ-ധർമങ്ങൾ തള്ളിക്കളഞ്ഞ് അനാചാരങ്ങളും അധർമങ്ങളും അനുവർത്തിച്ചു ജീവിക്കുന്നവർക്ക് ദുഷ്പരിണതി അഥവാ നിത്യനരകം താക്കീതു ചെയ്യുന്നവനാണ് نذير.

പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു ഓർമിപ്പിക്കുകയാണ്: നിന്നെ തീർച്ചയായും നാം അയച്ചതാകുന്നു. ജനങ്ങൾക്കു മുമ്പിൽ, സത്യധർമങ്ങളിൽ വിശ്വസിക്കുകയും ധാർമിക ജീവിതം നയിക്കുകയും ചെയ്യേണ്ടതെങ്ങനെ എന്നതിന്റെ സാക്ഷിയായി വർത്തിക്കുകയും, സത്യധർമങ്ങൾ കൈക്കൊണ്ട് സത്കർമമനുഷ്ഠിച്ചു വാഴുന്നവർക്ക് നിത്യസ്വർഗമുണ്ടെന്ന് സുവിശേഷമറിയിക്കുകയും, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൈക്കൊണ്ട് അധാർമികമായി ജീവിക്കുന്നവരെ നിത്യനരകം കാത്തിരിക്കുന്നുവെന്ന് താക്കീതു ചെയ്യുകയുമാണ് പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം. ●

**സത്യധർമങ്ങളിൽ വിശ്വസിച്ചും സദാചാരവും ദൈവിക ധർമങ്ങളും പാലിച്ചും ജീവിക്കുന്നവർക്ക് വിശിഷ്ടമായ പരിണതി അഥവാ ശാശ്വത സ്വർഗം ഉണ്ടെന്ന് ശുഭവാർത്ത നൽകുന്ന മാർഗദർശകനെയാണ് ഇവിടെ മുബശ്ശിർ കൊണ്ട് വിവക്ഷിക്കുന്നത്.**

لِّتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٩﴾

9

*നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാനും അവനെ പിന്തുണക്കാനും ആദരിക്കാനും പ്രഭാതത്തിലും പ്രദോഷത്തിലും അല്ലാഹുവിനെ വാഴ്ത്താനും.*

| | |
|---|---|
| നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാൻ | لِّتُؤْمِنُوا بِاللَّهِ وَرَسُولِهِ |
| നിങ്ങൾ അവനെ പിന്തുണക്കാനും | وَتُعَزِّرُوهُ |
| അവനെ ആദരിക്കാനും | وَتُوَقِّرُوهُ |
| നിങ്ങൾ അവനെ (അല്ലാഹുവിനെ) വാഴ്ത്താനും | وَتُسَبِّحُوهُ |
| പ്രഭാതത്തിലും പ്രദോഷത്തിലും | بُكْرَةً وَأَصِيلًا |

ഈ വചനം, മുസ് ലിംകളെ അല്ലാഹു അയച്ച ദൂതനോടുള്ള അവരുടെ ഉത്തരവാദിത്വം എന്താണെന്ന് ഉദ്ബോധിപ്പിക്കുകയാണ്. പ്രവാചകനോടുള്ള ഉത്തരവാദിത്വവും അല്ലാഹുവിനോടുള്ള ഉത്തരവാദിത്വവും വ്യത്യസ്തമല്ല, പരസ്പര പൂരകമാണ്. പ്രവാചകനോടുള്ള ഉത്തരവാദിത്വം നിർവഹിക്കപ്പെടുന്നതിലൂടെ നിർവഹിക്കപ്പെടുന്നത് അല്ലാഹുവിനോടുള്ള ഉത്തരവാദിത്വമാണ്. പ്രവാചകനോട് ഉത്തരവാദപ്പെടാതെ അല്ലാഹുവിനോടുള്ള ഉത്തരവാദിത്വം നിർവഹിക്കാനാവില്ല.

അല്ലാഹുവിലും അവന്റെ ദൂതനിലും അടിയുറച്ചു വിശ്വസിക്കുകയാണ് ഒന്നാമത്തെ കടമ. അല്ലാഹുവിലുള്ള വിശ്വാസം സഫലമാകാൻ റസൂലിൽ വിശ്വസിക്കണം. ഇവിടെ വിശ്വസിക്കുക എന്നതുകൊണ്ടുദ്ദേശ്യം അല്ലാഹു ഉണ്ട്, റസൂൽ ഉണ്ട് എന്നംഗീകരിക്കൽ മാത്രമല്ല. അല്ലാഹു ഏകനാണെന്നും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും വിധാതാവും സർവജ്ഞനും സർവശക്തനും നീതിമാനുമാണെന്നും വിശ്വസിക്കൽ കൂടിയാണ് അല്ലാഹുവിലുള്ള വിശ്വാസം. അല്ലാഹു പ്രപഞ്ച സ്രഷ്ടാവും വിധാതാവുമാണെങ്കിൽ മനുഷ്യനടക്കം ഒരു സൃഷ്ടിയും ഉദ്ദേശ്യമോ ലക്ഷ്യമോ ഇല്ലാതെ വെറുതെ സൃഷ്ടിച്ചു വിടപ്പെട്ടതാവുക വയ്യ. എല്ലാ സൃഷ്ടിക്കും അതിന്റേതായ ധർമവും ജീവിത ലക്ഷ്യവും ഉണ്ടായിരിക്കണം. ആ ധർമവും ലക്ഷ്യവും തെറ്റിച്ചവരെ ശിക്ഷിക്കാനുള്ള ശക്തിയും, അതു പാലിച്ചവരെ രക്ഷിക്കാനുള്ള നീതിനിഷ്ഠയും അവനുണ്ട്. അപ്പോൾ അവരവരുടെ ധർമവും ലക്ഷ്യവും പാലിച്ചു ജീവിക്കേണ്ടത് സൃഷ്ടികളുടെ നിർബന്ധ ബാധ്യതയാകുന്നു. അത് സാധ്യമാകാൻ അവനവന്റെ ധർമവും ജീവിത ലക്ഷ്യവും സൃഷ്ടി അറിഞ്ഞിരിക്കേണ്ടതുണ്ട്. അതറിയാൻ അവൻ തന്നെ ഏർപ്പെടുത്തിയ സംവിധാനമാണ് ദൈവദൂതന്മാരിലൂടെയുള്ള ധർമോപദേശം. അതിനാൽ, റസൂലിലുള്ള വിശ്വാസം ദൈവവിശ്വാസത്തിന്റെ -തൗഹീദിന്റെ അവിഭാജ്യ ഘടകമാകുന്നു.

ദൈവദൂതനെയും അദ്ദേഹത്തിലൂടെ അല്ലാഹുവിന്റെ ദീനിനെയും പിന്തുണക്കുകയും ശക്തിപ്പെടുത്തുകയും ആദരിക്കുകയുമാകുന്നു തൗഹീദിനു ശേഷം മുസ്‌ലിമിന്റെ നിർബന്ധ ബാധ്യത. عَزْر യിൽനിന്നുള്ളതാണ് عزّر. അറബിയിൽ വിപരീതമായ അർഥമുള്ള പദങ്ങളിലൊന്നാണിത്. ശകാരിക്കുകയും ശാസിക്കുകയും കുറ്റപ്പെടുത്തുകയുമാണ് ഒരർഥം. ശാസിക്കുന്നതിനും ലഘു ദണ്ഡനത്തിന് വിധേയമാക്കുന്നതിനും تَعْزير എന്നു പറയും. പിന്തുണക്കുകയും സഹായിക്കുകയും ബലപ്പെടുത്തുകയുമാണ് عزّر-യുടെ രണ്ടാമത്തെ അർഥം. ഇതാണ് ഇവിടെ ഉദ്ദേശ്യം. وقر-ൽ നിന്നുള്ള ക്രിയാ വചനമാണ് توقّرو. ഇതും പല അർഥമുള്ള പദമാണ്. പൊട്ടലും പിളരലുമാണ് ഒന്ന്. അമിത ഭാരമാണ് മറ്റൊന്ന്. ഭയഭക്തി ബഹുമാനങ്ങൾ പ്രകടിപ്പിക്കുകയാണ് മൂന്നാമത്തേത്. ഇതാണ് ഇവിടെ ഉദ്ദേശ്യം. ഒരാളുടെ ബഹുമാനാദരണീയതക്കും ഗാംഭീര്യത്തിനും وقار എന്നു പറയും. كان ذا وقار എന്നാൽ അയാൾ മറ്റുള്ളവരുടെ ആദരവർഹിക്കുംവണ്ണം ഗാംഭീര്യവും പ്രൗഢിയുമുള്ളവനാകുന്നു. റസൂൽ അവതരിപ്പിക്കുന്ന ജീവിത ചര്യ ജാഗ്രതയോടെ പിന്തുടർന്നുകൊണ്ടും ആ ചര്യയിലേക്ക് ജനങ്ങളെ പ്രബോധനം ചെയ്തുകൊണ്ടും അദ്ദേഹം ഏർപ്പെടുന്ന ജിഹാദുകളിലും മറ്റു സംരംഭങ്ങളിലും പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടും, അദ്ദേഹത്തിന്റെ മഹത്വവും വിശുദ്ധിയും മനസ്സിലാക്കി ബഹുമാനാദരവുകളോടെ വർത്തിക്കുകയാണ് ഇവിടെ ഈ വാക്കുകളുടെ ആശയം. രാപ്പകൽ അല്ലാഹുവിനെ സ്മരിക്കുകയും അവനോട് ഭയഭക്തിയോടെ വർത്തിക്കുകയും ചെയ്യുക എന്നതും ഈമാനിന്റെ പ്രയോഗ രൂപമാണ്. വിശ്വാസം പ്രവാചകനെ അനുഗമിക്കുന്നതിലേക്കും ആദരിക്കുന്നതിലേക്കും, ആ അനുഗമനവും ആദരവും ദൈവാരാധനയിലേക്കും എത്തുമ്പോഴാണ് തൗഹീദ് പൂർണമാകുന്നത്.

تُعَزِّرُوهُ - تُوَقِّرُوهُ എന്നീ വാക്കുകളിലെ هُ എന്ന സർവനാമം ആരെ കുറിക്കുന്നു എന്നതിൽ വ്യാഖ്യാതാക്കൾ വ്യത്യസ്തമായ വീക്ഷണങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നു. ه കുറിക്കുന്നത് അല്ലാഹുവിനെയാണെന്ന് ഒരു പക്ഷം. അതിനു മുമ്പ് വന്ന رسوله എന്ന വാക്കിലെ ه വും ശേഷം വരുന്ന سَبِّحُوهُ വിലെ ه വും കുറിക്കുന്നത് അല്ലാഹുവിനെയാണെന്നതിൽ തർക്കമില്ലല്ലോ. ആ നിലക്ക് അതിനിടക്ക് വന്ന هُ കളും അല്ലാഹുവിനെ കുറിക്കുന്നു എന്നു കരുതുന്നതാണ് യുക്തമെന്നാണവരുടെ ന്യായം. പ്രസ്തുത രണ്ടു സർവനാമങ്ങളും റസൂലിനെയാണ് കുറിക്കുന്നതെന്നാണ് മറ്റൊരു പക്ഷം. റസൂലിനെ പരാമർശിച്ചശേഷം അദ്ദേഹത്തെ പിന്തുണക്കുകയും ആദരിക്കുകയും

**പ്രവാചകനോടുള്ള ഉത്തരവാദിത്വവും അല്ലാഹുവിനോടുള്ള ഉത്തരവാദിത്വവും വ്യത്യസ്തമല്ല, പരസ്പര പൂരകമാണ്. പ്രവാചകനോടുള്ള ഉത്തരവാദിത്വം നിർവഹിക്കപ്പെടുന്നതിലൂടെ നിർവഹിക്കപ്പെടുന്നത് അല്ലാഹുവിനോടുള്ള ഉത്തരവാദിത്വമാണ്. പ്രവാചകനോട് ഉത്തരവാദപ്പെടാതെ അല്ലാഹുവിനോടുള്ള ഉത്തരവാദിത്വം നിർവഹിക്കാനാവില്ല.**

ചെയ്യണമെന്ന് ഉണർത്തുകയാണ്. പിന്തുണ നൽകലും ആദരിക്കലും അല്ലാഹുവിനിണ ങ്ങുന്നതല്ല. അത് റസൂലുമായേ ചേരൂ. ഈ വാദം ബാലിശമാണ്. വിശ്വാസികൾ അല്ലാഹു വിന് സഹായം നൽകുക, കടം കൊടുക്കുക എന്നൊക്കെ ആലങ്കാരികമായി പലയിടത്തും ഖുർആൻ പറഞ്ഞിട്ടുണ്ട്. إِن تَنصُرُوا اللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ - നിങ്ങൾ അല്ലാഹുവിനെ സഹാ യിക്കുന്നുവെങ്കിൽ അവൻ നിങ്ങളെ സഹായി ക്കും. നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തു കയും ചെയ്യും - 47:7). وَآمَنتُم بِرُسُلِي وَعَزَّرْتُمُوهُمْ وَأَقْرَضْتُمُ اللَّهَ قَرْضًا حَسَنًا لَّأُكَفِّرَنَّ عَنكُمْ سَيِّئَاتِكُمْ (എന്റെ ദൂതന്മാരിൽ വിശ്വസിക്കുകയും അവരെ പിന്തുണക്കുകയും അല്ലാഹുവിന് വിശിഷ്ടമായ കടം നൽകുകയുമാണെങ്കിൽ ഞാൻ നിങ്ങളുടെ കുറ്റങ്ങൾ പൊറുക്കുന്ന താകുന്നു - 5:12).

**تعزّروه** വിലെയും **توقّروه** വിലെയും സർവനാ മങ്ങൾ കുറിക്കുന്നത് അല്ലാഹുവിനെയാണോ റസൂലിനെയാണോ എന്നത് ഈ സന്ദർഭത്തി ൽ പ്രസക്തമല്ല. നേരിട്ടു സൂചിപ്പിക്കുന്നത് റസൂലിനെയാണെങ്കിൽ തന്നെ ആത്യന്തിക മായി ചെന്നെത്തുന്നത് അല്ലാഹുവിലാണല്ലോ.

**تُسَبِّحُوهُ** **تسبيح** ൽനിന്നുള്ള ക്രിയാവചനമാണ്. അല്ലാഹുവിന്റെ വിശുദ്ധി വാഴത്തിക്കൊണ്ടിരി ക്കലാണ് ഭാഷാർഥത്തിൽ **تسبيح**. രാവിലെയും വൈകിട്ടും അല്ലാഹുവിന്റെ വിശുദ്ധി വാഴ്ത്തുക എന്നതിന്റെ സാരം സദാ ദൈവവിചാരമുള്ളവ രായിരിക്കുക എന്നും ആകാം. രാപ്പകൽ അല്ലാ ഹുവിന് ഇബാദത്തു ചെയ്യുക എന്നുമാവാം. പ്രഭാതത്തിലും പ്രദോഷത്തിലും തസ്ബീഹ് ചെയ്യുക എന്നുമാവാം. സദാ സമയവും ദൈ വസ്മരണയുള്ളവരായിരിക്കുക എന്ന ആശയ മാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. ●

**രാപ്പകൽ അല്ലാഹുവിനെ സ്മരിക്കുകയും അവനോട് ഭയഭക്തിയോടെ വർത്തിക്കുകയും ചെയ്യുക എന്നതും ഈമാനിന്റെ പ്രയോഗ രൂപമാണ്. വിശ്വാസം പ്രവാചകനെ അനുഗമിക്കുന്നതിലേക്കും ആദരിക്കുന്നതിലേക്കും, ആ അനുഗമനവും ആദരവും ദൈവാരാധനയിലേക്കും എത്തുമ്പോഴാണ് തൗഹീദ് പൂർണമാകുന്നത്.**

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ ۖ وَمَنْ أَوْفَىٰ بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا ﴿١٠﴾

*10*

*പ്രവാചകാ, നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവിനോടു തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അവരുടെ കരങ്ങൾക്കു മീതെ അല്ലാഹുവിന്റെ കരമുണ്ട്. വല്ലവനും ആ പ്രതിജ്ഞ ലംഘിക്കുന്നുവെങ്കിൽ അതിന്റെ ദോഷം അവനുതന്നെയാകുന്നു. വല്ലവനും അല്ലാഹുവിനോടു ചെയ്ത കരാർ പാലിച്ചാലോ, അവന് അല്ലാഹു മഹത്തായ കർമഫലം അരുളുന്നതാകുന്നു.*

| | |
|---|---|
| (പ്രവാചകാ) നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ | إِنَّ الَّذِينَ يُبَايِعُونَكَ |
| അല്ലാഹുവിനോടു തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത് | إِنَّمَا يُبَايِعُونَ اللَّهَ |
| അല്ലാഹുവിന്റെ കരം | يَدُ اللَّهِ |
| അവരുടെ കരങ്ങൾക്ക് മുകളിലുണ്ട് | فَوْقَ أَيْدِيهِمْ |
| വല്ലവനും ആ പ്രതിജ്ഞ ലംഘിക്കുന്നുവെങ്കിൽ | فَمَن نَّكَثَ |
| അവൻ ലംഘിക്കുന്നത് അവന്റെ മേൽ തന്നെ (അതിന്റെ ദോഷം അവനു തന്നെയാകുന്നു) | فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ |
| വല്ലവനും പൂർത്തീകരി(പാലി)ച്ചാലോ | وَمَنْ أَوْفَىٰ |

| | |
|---|---|
| ഏതു കാര്യത്തിൽ അല്ലാഹുവിനോട് കരാർ ചെയ്തോ അതിനെ (അല്ലാഹുവിനോടു ചെയ്ത കരാർ) | بِمَا عَاهَدَ عَلَيْهُ اللَّهَ |
| ശേഷം അവൻ (അല്ലാഹു) അവന്നു അരുളുന്നതാകുന്നു | فَسَيُؤْتِيهِ |
| വമ്പിച്ച കൂലി (മഹത്തായ കർമഫലം) | أَجْرًا عَظِيمًا |

മുൻ സൂക്തത്തിന്റെ ആശയം വീണ്ടും ഊന്നിപ്പറയുകയാണ്. ഇവിടെ പരാമർശിക്കുന്ന അനുസരണ പ്രതിജ്ഞ -**بيعة**- ഇസ്ലാമിൽ ആകൃഷ്ടരാകുന്നവർ പ്രവാചക സന്നിധിയിൽ വന്ന് അവിടുത്തെ കരംഗ്രഹിച്ച് തങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നുവെന്നും, മേലിൽ അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങൾ അനുസരിച്ചു ജീവിക്കുമെന്നും എടുത്തിരുന്ന പ്രതിജ്ഞയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അധിക പണ്ഡിതന്മാരും പറയുന്നത്, യുദ്ധമുണ്ടാവുകയാണെങ്കിൽ മരിച്ചു വീഴുന്നതുവരെ പൊരുതി നിൽക്കുമെന്ന് ഹുദൈബിയയിൽ വെച്ച് സ്വഹാബികൾ പ്രവാചകനോടു ചെയ്ത പ്രതിജ്ഞ -ബൈഅത്തുർരിദ്വാൻ- ആണിത് എന്നാകുന്നു. രണ്ടഭിപ്രായത്തെയും സാധൂകരിക്കുന്നതാണ് വചനശൈലി. എങ്കിലും ബൈഅത്തുർരിദ്വാനിനെ 18-ാം സൂക്തം പ്രത്യേകം പരാമർശിക്കുന്നതിനാൽ ഇവിടെ പറയുന്നത് ദീനിൽ ചേരുമ്പോൾ സ്വഹാബികൾ ചെയ്തിരുന്ന പൊതുവായ ബൈഅത്താണെന്ന് കരുതുന്നതാണ് ഏറെ യുക്തം.

**വചനസാരം:** നിങ്ങൾ ദീനിൽ ചേരുമ്പോൾ പ്രവാചക ഹസ്തം ഗ്രഹിച്ച് വിശ്വാസവും അനുസരണവും പ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ. ഗോചരമായ പ്രവാചക ഹസ്തം ഗ്രഹിക്കുമ്പോൾ യഥാർഥത്തിൽ നിങ്ങൾ ഗ്രഹിക്കുന്നത് അഗോചരമായ ദൈവഹസ്തമാണെന്ന് സഗൗരവം ഓർത്തിരിക്കണം. ആ പ്രതിജ്ഞ സത്യസന്ധമായി പാലിക്കാൻ പരമാവധി പരിശ്രമിക്കണം. അല്ലാഹുവിന്റെ പേരിൽ ചെയ്ത പ്രതിജ്ഞ ലംഘിക്കുകയാണെങ്കിൽ അതിന്റെ ദോഷം അല്ലാഹുവിനല്ല; അവന്റെ ദൂതന്നുമല്ല; ലംഘിച്ചവർക്കു തന്നെയാണ്. അവർ ഇഹത്തിലും പരത്തിലും അഭിശപ്തരും നിന്ദിതരുമായിത്തീരുന്നു. അല്ലാഹുവുമായി കരാർ ചെയ്ത ഒരാൾ യഥാവിധം പാലിച്ചാൽ അല്ലാഹു അയാൾക്ക് അതിമഹത്തായ കർമഫലമരുളുന്നു. ഇഹത്തിൽ സൽകീർത്തിയും പരത്തിൽ സ്വർഗവാസവുമാണത്.

ഈ സൂക്തത്തിലെ **عَاهَدَ عَلَيْهُ اللَّهَ** എന്ന വാക്ക് സാധാരണ രീതിയിൽ ഉച്ചരിക്കേണ്ടത് **عَاهَدَ عَلَيْهِ اللَّهَ** എന്നാണ്. ഇവിടെ വ്യത്യസ്തമായ ഉച്ചാരണം സ്വീകരിച്ചത്, പറയുന്ന കാര്യത്തിന്റെ ഗൗരവം സ്ഫുരിപ്പിക്കാനാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. സർവനാമമായി (**ضمير**) വരുന്ന **ه** യുടെ മൂലരൂപം, **هو** യാണ്. പ്രതിജ്ഞാ പാലനം പരാമർശിക്കുന്നിടത്ത് മൂലരൂപത്തിന്റെ ലോപമായ **ه** ആണ് കൂടുതൽ ഉചിതം. മറ്റൊരഭിപ്രായം ഇങ്ങനെ: താളാത്മകതയും സ്വരച്ചേർച്ചയും പരിഗണിച്ച് പദങ്ങളുടെ സാധാരണ ഉച്ചാരണത്തിൽ മാറ്റം വരുത്താൻ അറബി സാഹിത്യം അനുവദിക്കുന്നുണ്ട്. അത്തരമൊരു മാറ്റമാണിത്. ഖുർആനിൽ ഇത്തരം വ്യതിയാനങ്ങൾ വേറെയും കാണാം. ഉദാ: 18:63-ൽ **وَمَا أَنسَانِيهُ إِلَّا الشَّيْطَانُ** (ചെകുത്താൻ തന്നെയാണ് എന്നെ അതു മറപ്പിച്ചത്) എന്ന വാക്യം സാധാരണ ഗതിയിൽ ഉച്ചരിക്കേണ്ടത് **أَنسَانِيهِ** എന്നാണ്. ഇതിന് വ്യാകരണ നിയമവുമായി ബന്ധമില്ല. ഓറിയന്റലിസ്റ്റുകൾ ഇത്തരം വ്യതിയാനങ്ങളെ ഖുർആനിലെ വ്യാകരണപ്പിഴകളായി ഉന്നയിച്ചു വിമർശിക്കുന്നുണ്ട്. ഖുർആൻ അവതരിച്ച ശേഷം ഖുർആനിക ഭാഷാ രീതി കൂടി മുന്നിൽ വെച്ചുകൊണ്ടാണ് അറബി വ്യാകരണം ആവിഷ്കൃതമായതും ക്രോഡീകൃതമായതും എന്ന വസ്തുത ഈ വിദ്വാന്മാർ അറിയുന്നില്ല. ഖുറൈശികൾ സംസാരിച്ചിരുന്ന ശുദ്ധ അറബിയുടെ അത്യുന്നത മാതൃകയാണ് ഖുർആൻ. ഖുർആനിന്റെ മാറ്റ് നോക്കാനുള്ള ഉരകല്ലല്ല അറബി വ്യാകരണം. മറിച്ച്, അറബി വ്യാകരണത്തിന്റെ ആധികാരികത പരിശോധിക്കാനുള്ള ഉരകല്ലാണ് ഖുർആൻ. ●

**നിങ്ങൾ ദീനിൽ ചേരുമ്പോൾ പ്രവാചക ഹസ്തം ഗ്രഹിച്ച് വിശ്വാസവും അനുസരണവും പ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ. ഗോചരമായ പ്രവാചക ഹസ്തം ഗ്രഹിക്കുമ്പോൾ യഥാർഥത്തിൽ നിങ്ങൾ ഗ്രഹിക്കുന്നത് അഗോചരമായ ദൈവഹസ്തമാണെന്ന് സഗൗരവം ഓർത്തിരിക്കണം.**